**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5526** **15-03-2023 - ൽ മറുപടിയ്ക്ക്**

**കോഴി, താറാവ് എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 13-ാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽ മുട്ടയുടെ ആഭ്യന്തര ഉല്പാദനം കുറയാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ കാലത്തുണ്ടായ (2017 -2022 ) മഹാപ്രളയവും തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയുടെ വ്യാപനവും മനുഷ്യവിഭവശേഷിയെ സാരമായി ബാധിച്ചത് മുട്ടയുടെ ആഭ്യന്തരഉൽപ്പാദനത്തിൽ കുറവ് വരാനുള്ള സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. 2018- 19, 2019-20 വർഷങ്ങളിലാണ് ഉൽപ്പാദനത്തിൽ കുറവുണ്ടായിട്ടുള്ളത് എന്നാൽ 2020-21, 2021-22 വർഷങ്ങളിൽ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട് .** |
| (ബി) | സംസ്ഥാനത്തിന്റെ ആഭ്യന്തര ആവശ്യത്തിനുള്ള കോഴി, താറാവ് എന്നിവയുടെ മുട്ടകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | **മുട്ടകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ ഫാമുകളുടെ ശാക്തീകരണം , ഫാമുകളിലെ തീറ്റ ഫാക്ടറികൾ പ്രവർത്തനക്ഷമമാക്കൽ, മെച്ചപ്പെട്ട പേരെന്റ് സ്റ്റോക്ക് നിലനിർത്തൽ, ശാസ് ത്രീയ പരിചരണം,പഞ്ചായത്ത് തലത്തിൽ രോഗപ്രതിരോധ ചികിത്സ സംവിധാനങ്ങൾ എന്നിവ മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കി വരുന്നു . കോഴിമുട്ടയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന പൗൾട്ടറി വികസന കോർപറേഷൻ (കെപ്കോ) മുഖേന സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകൾ വഴി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവയിൽ കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, കെപ്കോ നഗരപ്രിയ , 100 കോഴിയും കൂട്ടും പദ്ധതി മുതലായ പദ്ധതികൾ വഴി കഴിഞ്ഞ 6 വർഷത്തിനുള്ളിൽ ഏകദേശം 80 കോടിയുടെ അധിക ഉൽപ്പാദനം മുട്ടയുടെ ആഭ്യന്തര ഉൽപ്പാദനത്തിൽ വരുത്താൻ സാധിച്ചിട്ടുണ്ട്.** |
| (സി) | ഗ്രാമീണ കുടുംബങ്ങളുടെ സാമൂഹിക, സാമ്പത്തിക വികസനത്തിന് കോഴി, താറാവ് എന്നിവയുടെ കൃഷി | (സി) | **സർക്കാരിന്റെ ഫാമുകളിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ മൃഗസംരക്ഷണ വകുപ്പിന്** |

| | | | |
|---|---|---|---|
| | വ്യാപിപ്പിക്കുന്നതിന് പുതുതായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | | **കിഴിലുള്ള എഗ്ഗർ നഴ്സറികൾ വഴി പഞ്ചായത്ത് പദ്ധതികൾക്ക് വിതരണം ചെയ്യുകയും, യുവതലമുറകളെ ആകർഷിക്കുന്നതിന് സ്കൂൾ പൗൾട്രി ക്ലബ് വഴിയും കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തിവരുന്നു.**<br><br>**താറാവുകൃഷിയുടെ പ്രോൽസാഹനത്തിനും താറാവ് മുട്ട, ഇറച്ചി ഉൽപാദന വർധനവിനുമായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നിരണം ഡക്ക് ഫാമും തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറിയും പ്രവർത്തിക്കുന്നു. കൂടാതെ താറാവ് കർഷകർക്കു വേണ്ടി ഒരു പരിശീലന കേന്ദ്രവും മഞ്ഞാടിയിലുണ്ട്. അവിടെ കുട്ടനാടൻ താറാവുകളായ ചാര, ചെമ്പല്ലി ഇറച്ചിത്താറാവായ വിഗോവ എന്നിവയെയാണ് വളർത്തുന്നത്. താറാവ് കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുവാൻ സർക്കാർ അംഗീകൃത എഗ്ഗർ നേഴ്സറികളും പ്രവർത്തിക്കുന്നു.**<br><br>**ഗ്രാമീണ കുടുംബങ്ങളുടെ സാമൂഹിക, സാമ്പത്തിക വികസനത്തിനും, മുട്ടക്കോഴി കൃഷിയുടെ വ്യാപനത്തിനും വളരെ അധികം പ്രയോജനപ്പെടുന്ന തരത്തിൽ കേരള സംസ്ഥാന പൗൾട്ടറി വികസന കോർപറേഷൻ (കെപ്കോ) മുഖേന സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകൾ വഴി കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, കെപ്കോ നഗരപ്രിയ, 100 കോഴിയും കൂട്ടും പദ്ധതി മുതലായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നു .**<br><br>**താറാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കെപ്കോയ്ക്ക് നിലവിൽ പദ്ധതികളൊന്നും തന്നെയില്ല.** |

സെക്ഷൻ ഓഫീസർ